3. പുതിയ പോലീസ് സ്റ്റേഷൻ

ശ്രീ. ബി. സത്യൻ: സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ പരിഗണനയ്ക്കുവേണ്ടി സമർപ്പിക്കുന്നൊരു വിഷയമാണിത്. അങ്ങ് 10.03.AM] കെ.പി.സി.സി. അദ്ധ്യക്ഷനായി കേരളയാത്ര നടത്തിയ സന്ദർഭത്തിലും ഒന്നു-രണ്ട് സ്വകാര്യ പരിപാടികളിൽ കിളിമാനൂർ-നഗരൂർ ഭാഗത്തുവന്ന സമയത്തും അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയ വിഷയമാണിത്. അന്ന് സർവ്വ കക്ഷി സംഘത്തിൽപ്പെട്ടവരുടെ ഒരു നിവേദനം അങ്ങേയ്ക്ക് സമർപ്പിക്കുകയും അങ്ങ് താല്പര്യമെടുക്കാമെന്ന് പറയുകയും ചെയ്തിരുന്നു. ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ വരുന്ന നഗരൂർ എന്ന പ്രദേശം കൃഷിക്കാരും പ്രത്യേകിച്ച് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരും അധിവസിക്കുന്ന പ്രദേശമാണെന്നതിലുപരി വിദേശത്ത് പണിയെടുക്കുന്നവരുടെ കുടുംബാംഗങ്ങളുള്ള ഒരു പ്രദേശവുമാണ്. നാല് സർക്കിളുകളുടെ മധ്യഭാഗത്തു വരുന്ന നഗരൂർ ഗ്രാമപഞ്ചായത്ത് 36000-ത്തോളം ജനസംഖ്യ വരുന്ന വളരെ വിപുലമായ ഗ്രാമപ്രദേശമാണ്. ആറ്റിങ്ങൽ, വർക്കല, കിളിമാനൂർ, വെഞ്ഞാറമൂട് എന്നീ നാല് സർക്കിളിനുള്ളിൽ നാല് സബ്-ഇൻസ്പെക്ടർമാരുടെ കീഴിൽവരുന്ന ഒരു ഭാഗമാണിത്. അതുകൊണ്ട് പെട്ടെന്നെന്തെങ്കിലും സംഭവങ്ങളുണ്ടായാൽ ക്രമസമാധാന പരിപാലനത്തിനായി ഓടിയെത്താൻ നിയമപാലകർക്ക് പലപ്പോഴും സാധിക്കുന്നില്ല. നാല് പോലീസ് സ്റ്റേഷൻ പരിധിയിലായിവരുന്ന പ്രദേശമായതുകൊണ്ട് പ്രത്യേകിച്ച് ഏതെങ്കിലുമൊരു പോലീസ് സ്റ്റേഷനിൽനിന്ന് പെട്ടെന്ന് സഹായം കിട്ടാൻ പ്രയാസമാണ്. അടുത്തകാലത്ത് ഞാൻ ആ പ്രദേശത്ത് നിൽക്കുമ്പോൾ അതിദാരുണമായൊരു കൊലപാതകമുണ്ടാവുകയും പെട്ടെന്നാർക്കും സഹായിക്കാൻ കഴിയാത്തൊരവസ്ഥയുമുണ്ടായി. ഇതെല്ലാം കണ്ട് തദ്ദേശഭരണ സ്ഥാപനത്തിലുള്ളവരും അവിടെയുള്ള സർവ്വകക്ഷി യിൽപ്പെട്ട ആളുകളും ഒരുമിച്ചുചേർന്ന് അങ്ങേയ്ക്ക് ഒരു നിവേദനം നേരത്തേ തന്നിരുന്നു. അങ്ങ് മുൻകയ്യെടുത്ത് ഈ സാമ്പത്തിക വർഷംതന്നെ അവിടെ ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കാനുള്ള അനുകൂല തീരുമാനമുണ്ടായാൽ ആ സഹായം പ്രയോജനപ്പെടുത്താൻ അവിടെയുള്ള സർവ്വകക്ഷിയിൽപ്പെട്ടവരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നാട്ടുകാരും എല്ലാവിധ സഹായസഹകരണവും നൽകാൻ തയ്യാറാണ്. അതിന് അനുകൂലമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട ശ്രീ. ബി. സത്യൻ ഉന്നയിച്ച കാര്യം 10.05.AM] വളരെക്കാലമായി സജീവ ചർച്ചയിലുള്ള വിഷയമാണ്. ആറ്റിങ്ങൽ, കിളിമാനൂർ, കല്ലമ്പലം എന്നീ പോലീസ് സ്റ്റേഷനുകളുടെ അധികാര പരിധി വിഭജിച്ച് ആലംകോട്-കരവാരം വില്ലേജുകൾ ഭാഗികമായും നഗരൂർ-കൊടുവഴന്നൂർ-വെള്ളല്ലൂർ എന്നീ വില്ലേജുകൾ പൂർണ്ണമായും ഉൾപ്പെടുത്തിക്കൊണ്ട് നഗരൂർ കേന്ദ്രമായി ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കാനുള്ള പ്രൊപ്പോസൽ 11-11-2013-ൽ സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത

LIBRARY ARCHIVES Kerala Legislative Assembly

പ്രൊപ്പോസൽ പരിശോധിച്ചതിൽനിന്ന് സബ്-ഇൻസ്പെക്ടർ-1, അഡീഷണൽ സബ് ഇൻസ്പെക്ടർ-2, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ-3, സീനിയർ സിവിൽ പോലീസ് ഓഫീസർ-10, സിവിൽ പോലീസ് ഓഫീസർ-25, വനിതാ പോലീസ് ഓഫീസർ-10, ഡ്രൈവർ (സിവിൽ പോലീസ് ഓഫീസർ)-1 എന്നിങ്ങനെ 52 തസ്തികകൾ പുതിയതായി സൃഷ്ടിക്കണമെന്നും അതിനായി ഒരുകോടിയിലധികം രൂപ ശമ്പളച്ചെലവിലും 12 ലക്ഷത്തോളംരൂപ അനാവർത്തക ചെലവിലും സർക്കാരിന് അധിക ബാധ്യത വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. സാമ്പത്തിക നിയന്ത്രണങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ അധിക തസ്തിക അനുവദിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ പ്രസ്തുത നിർദ്ദേശം അടുത്ത സാമ്പത്തിക വർഷം പരിഗണനയ്ക്കായി സമർപ്പിക്കുവാൻ 19-12-2013-ൽ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്ന കാര്യത്തിൽ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. സാമ്പത്തിക പരിമിതിയാണ് പ്രധാന പ്രശ്നം. വളരെ ന്യായമായ ആവശ്യമാണ് ശ്രീ. ബി. സത്യൻ സൂചിപ്പിച്ചത്. ഇക്കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

4. ടെക്സ്റ്റൈൽ വ്യവസായം നേരിടുന്ന പ്രതിസന്ധി

10.07.AM] ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, കേരളത്തിലെ ടെക്സ്റ്റൈൽ വ്യവസായവും ടെക്സ്റ്റൈൽ തൊഴിലാളികളും അനുഭവിക്കുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഇന്ന് ടെക്സ്റ്റൈൽ വർക്കേഴ്സ് ഫെഡറേഷൻ സെക്രട്ടേറിയറ്റിനുമുന്നിൽ സത്യാഗ്രഹമനുഷ്ഠിക്കുന്ന കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ടെക്സ്റ്റൈൽ ഐ.ആർ.സി. തീരുമാനങ്ങൾ നടപ്പിലാക്കുക, വിവ. ജീവിത സൂചികാ പുനർനിർണ്ണയ കമ്മിറ്റി തീരുമാനങ്ങൾ നടപ്പിലാക്കുക എന്നിങ്ങനെ രണ്ട് പ്രധാനപ്പെട്ട ആവശ്യങ്ങളാണ് അവർ ഉന്നയിക്കുന്നത്. വളരെ ഗുരുതരമായ പ്രതിസന്ധിയാണ് സ്പിന്നിംഗ് മിൽ മേഖലയിലുള്ള തൊഴിലാളികളനുഭവിക്കുന്നത്. അവരുടെ ജീവിതപ്രശ്നങ്ങൾ വളരെ സങ്കീർണ്ണമാണ്. അക്കാര്യം മനസ്സിലാക്കി അവരുടെ ആനുകൂല്യങ്ങൾ നൽകാനും ജീവിത സുരക്ഷയ്ക്കും വേണ്ടി അടിയന്തരമായി സംസ്ഥാന ഗവൺമെന്റ് ഇടപെടണം. തമിഴ്നാട് ഗവൺമെന്റ് ഈ വിഷയത്തിൽ വളരെ മാതൃകാപരമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. അത്തരമൊരു സമീപനം സ്വീകരിക്കണമെന്നാണ് തൊഴിലാളി നേതാക്കൾ ആവശ്യപ്പെടുന്നത്. ഗവൺമെന്റ് അടിയന്തരമായി ഇടപെട്ട് ഈ വിഷയം പരിഹരിക്കണം.

10.08.AM] തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബിജോൺ): സർ, ടെക്സ്റ്റൈൽ മേഖലയിൽ ഒരു ലോംഗ് ടേം എഗ്രിമെന്റ് നിലനിൽക്കുന്നുണ്ട്. 2015 ആഗസ്റ്റ് വരെയാണ് എഗ്രിമെന്റിന്റെ കാലാവധി. അത് നിലനിൽക്കുമ്പോൾ ഇടക്കാല വർദ്ധനവ് എന്നൊരാവശ്യം വന്നാൽ അത് നിയമാനുസൃതമല്ല. എങ്കിലും ഇന്നത്തെ ജീവിത സാഹചര്യത്തിൽ വന്നിട്ടുള്ള മാറ്റം കണക്കിലെടുത്തുകൊണ്ട് ടെക്സ്റ്റൈൽ ഐ. ആർ. സി. ഇതിന്റെ പ്രൊഡക്ടിവിറ്റിയുമായി ലിങ്ക് ചെയ്ത് 1,600 രൂപയുടെ വർദ്ധനവ് കിട്ടുന്നതിനുള്ള തീരുമാനമെടുത്തു. പ്രൊഡക്ടിവിറ്റി വർദ്ധനവ് തീരുമാനിച്ചിടത്തൊക്കെ

LIBRARY ARCHIVES Kerala Legislative Assembly